
LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# മൂർക്കനാട്
# ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ
# 2024

# മൂർക്കനാട് ഗ്രാമപഞ്ചായത്ത്
# വാർഡുകൾ



## ഭാഗം–1

# പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര് : **മൂർക്കനാട്**

വില്ലേജ് : **മൂർക്കനാട്**

താലൂക്ക് : **പെരിന്തൽമണ്ണ**

ജില്ല : **മലപ്പുറം**

നിയമസഭ മണ്ഡലം : **മങ്കട**

ലോകസഭ മണ്ഡലം : **മലപ്പുറം**

ജില്ലാപഞ്ചായത്ത് ഡിവിഷൻ : **എടയൂർ, മക്കര പറമ്പ്**

ബ്ലോക്ക് ഡിവിഷൻ : **കൊളത്തൂർ, വെങ്ങാട്, പാങ്ങ്**

വിസ്തീർണ്ണം : **17.6 ചതുരശ്ര കിലോ മീറ്റർ**

അതിരുകൾ തെക്ക് : **ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്**

കിഴക്ക് : **തൂതപ്പുഴ, പുലാമന്തോൾ പഞ്ചായത്ത്**

പടിഞ്ഞാറ് : **എടയൂർ, കുറുവ ഗ്രാമപഞ്ചായത്തുകൾ**

വടക്ക് : **കുറുവ, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തുകൾ**

വാർഡുകളുടെ എണ്ണം : **19**

ബാങ്കുകൾ : **7**

ആകെ വീടുകൾ : **10033**

ജനസംഖ്യ : **40241**

പുരുഷന്മാർ : **20339**

സ്ത്രീകൾ : **19902**

പട്ടികജാതിക്കാർ : **3245**

പുരുഷന്മാർ : **1600**

സ്ത്രീകൾ : **1645**

# മൂർക്കനാട് ഗ്രാമപഞ്ചായത്ത്
# ഭരണസമിതി അംഗങ്ങൾ

| ക്രമ. നം. | പേര് | സ്ഥാനം | വാർഡ് | ഫോൺ നമ്പർ |
|---|---|---|---|---|
| 1. | രശ്മി പി.പി | പ്രസിഡന്റ് | 16 | 9496 047 884 |
| 2. | അബ്ദുൽ മുനീർ | വൈസ് പ്രസിഡന്റ് | 08 | 8281 041 431 |
| 3. | ലക്ഷ്മിദേവി | ചെയർപേഴ്സൺ വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി | 13 | 9946 649 425 |
| 4. | സക്കീർ | ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 06 | 9447 260 765 |
| 5. | സിന്ധു | ചെയർപേഴ്സൺ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 17 | 7902 372 244 |
| 6. | ജമീല | മെമ്പർ | 01 | 9846 722 171 |
| 7. | ദീപ | മെമ്പർ | 02 | 9745 468 321 |
| 8. | സീമ | മെമ്പർ | 03 | 8086 549 421 |
| 9. | റജീന | മെമ്പർ | 04 | 9539 297 130 |
| 10. | മുഹമ്മദ് ബാപ്പു | മെമ്പർ | 05 | 9946 206 439 |
| 11. | നഫ്ല എം.ടി | മെമ്പർ | 07 | 7736 977 964 |
| 12. | കാസിം.പി | മെമ്പർ | 09 | 9605 107 457 |
| 13. | വിനിത പി.ബി | മെമ്പർ | 10 | 7868 004 920 |
| 14. | ഷാഹിന | മെമ്പർ | 11 | 9526 502 415 |
| 15. | കുഞ്ഞിമുഹമ്മദ് | മെമ്പർ | 12 | 9048 969 701 |
| 16. | അബ്ബാസ് | മെമ്പർ | 14 | 9846 966 106 |
| 17. | ജയശ്രീ | മെമ്പർ | 15 | 9846 950 758 |
| 18. | ശ്രീകല മദനൻ | മെമ്പർ | 18 | 9072 412 540 |
| 19. | സജീഷ് | മെമ്പർ | 19 | 9961 331 290 |

## മൂർക്കനാട് പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന മറ്റു ജനപ്രതിനിധികൾ

| ക്രമ. നം. | പേര് | | ഫോൺ നമ്പർ |
|---|---|---|---|
| 1. | **എം.പി അബ്ദുസ്സമദ് സമദാനി** | ലോകസഭ | |
| 2. | **മഞ്ഞളാംകുഴി അലി** | നിയമസഭ | |
| 3. | **എ.പി സബാഹ്** | ജില്ലാ പഞ്ചായത്ത് | 9946 303 050 |
| 4. | **ടി.പി ഹാരിസ്** | ജില്ലാ പഞ്ചായത്ത് | 9846 412 909 |
| 5. | **മാട്ടാത്ത് റഹ്മത്തുന്നിസ** | ബ്ലോക്ക് പഞ്ചായത്ത് | 9633 133 780 |
| 6. | **ഷറഫുദ്ധീൻ പൂളക്കൽ** | ബ്ലോക്ക് പഞ്ചായത്ത് | 9539 301 199 |
| 7. | **കെ.വി ജുവൈരിയ ടീച്ചർ** | ബ്ലോക്ക് പഞ്ചായത്ത് | 8086 778 088 |

## മൂർക്കനാട് ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ. നമ്പർ | പേര് | ഉദ്യോഗ പേര് |
|---|---|---|
| 1. | ശാന്തി.പി | സെക്രട്ടറി |
| 2. | രാമകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | സമിത | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) |
| 4. | മർജാന ബീഗം | കൃഷി ഓഫീസർ |
| 5. | ഡോ: ആശ കൃഷ്ണ | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി |
| 6. | ഡോ: ബിജോയ് | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം |
| 7. | ഡോ: അഞ്ജു | മെഡിക്കൽ ഓഫീസർ – ഹോമിയോ |
| 8. | റൂബി വിദ്യാധരൻ | വെറ്ററിനറി സർജൻ |
| 9. | ഷൈജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 10. | ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

## മൂർക്കനാട് ഗ്രാമപഞ്ചായത്ത്
## ജീവനക്കാരുടെ പേരും ഉദ്യോഗ പേരും

| ക്രമ. നം. | പേര് | ഉദ്യോഗ പേര് |
|---|---|---|
| 1. | ശാന്തി.പി | സെക്രട്ടറി |
| 2. | രാമകൃഷ്ണൻ.പി | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | | ഹെഡ് ക്ലാർക്ക് |
| 4. | റസിന.പി | ഹെഡ് അക്കൗണ്ടന്റ് |
| 5. | നിഷ.എ | സീനിയർ ക്ലാർക്ക് |
| 6. | നെസ്‌ലി.വി | സീനിയർ ക്ലാർക്ക് |
| 7. | ശ്രീരാജ് കെ.ജി | സീനിയർ ക്ലാർക്ക് |
| 8. | മീര കെ.എസ് | ക്ലാർക്ക് |
| 9. | രാഹുൽ.ജി | ക്ലാർക്ക് |
| 10. | മൊയ്തീൻ ടി.കെ | ക്ലാർക്ക് |
| 11. | മുഹമ്മദ് ഫജാസ് | ക്ലാർക്ക് |
| 12. | | ഓഫീസ് അസിസ്റ്റന്റ് |
| 13. | പ്രീത സഞ്ജീവ് | പാർട്ട് ടൈം സ്വീപ്പർ |
| 14. | ഇർഷാദ് പി.കെ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 15. | ജയശ്രീ.പി | ഓഫീസ് അസിസ്റ്റന്റ് |
| 16. | ശരത് രാജ് | പ്രൊജക്ട് അസിസ്റ്റന്റ് |

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
## ജീവനക്കാരുടെ പേരും ഉദ്യോഗ പേരും

| ക്രമ. നം. | പേര് | ഉദ്യോഗ പേര് |
|---|---|---|
| 1. | ലയ.ഒ | അക്രഡിറ്റഡ് എഞ്ചിനീയർ |
| 2. | സുമിഷ.എം | ഡാറ്റ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടന്റ് |
| 3. | അബ്ദുൽ ജലീൽ.എം | ഓവർസിയർ |

## കുടുംബശ്രീ സി.ഡി.എസ്
## ജീവനക്കാരുടെ പേരും ഉദ്യോഗ പേരും

| ക്രമ. നം. | പേര് | ഉദ്യോഗ പേര് |
|---|---|---|
| 1. | പ്രമദ | കുടുംബശ്രീ ചെയർപേഴ്സൺ |
| 2. | സുജിത | കുടുംബശ്രീ അക്കൗണ്ടന്റ് |

## മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 1. | **ജനന രജിസ്ട്രേഷൻ** | പഞ്ചായത്ത് ഓഫീസിൽ നിന്നും സൗജന്യ മായി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറം പൂരി പ്പിച്ച് നൽകണം. മൂർക്കനാട് ഗ്രാമപഞ്ചാ യത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന ജനനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുക യുള്ളു. വീട്ടിൽ വച്ചുള്ള ജനനം കുടുംബ ത്തിലെ/വീട്ടിലെ മുതിർന്ന അംഗവും ആശുപത്രികളിൽ വച്ചുള്ള ജനനം ബന്ധ പ്പെട്ട സ്ഥാപനമേധാവിയും റിപ്പോർട്ട് ചെയ്യണം. ജനനം നടന്ന് 21 ദിവസത്തി നകം റിപ്പോർട്ട് ചെയ്യണം. 21 ദിവസം വരെ ഫീസില്ല. 21 ദിവസത്തിനു ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ | FHC യിൽ നിന്ന് റിപ്പോർട്ട് ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 2. | **മരണ രജിസ്ട്രേഷൻ** | പഞ്ചായത്ത് ഓഫീസിൽ നിന്നും സൗജന്യ മായി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറം പൂരി പ്പിച്ച് നൽകണം. മൂർക്കനാട് ഗ്രാമപഞ്ചാ യത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുക യുള്ളു. വീട്ടിൽ വച്ചുള്ള മരണം കുടുംബ ത്തിലെ/വീട്ടിലെ മുതിർന്ന അംഗവും സ്ഥാപനങ്ങളിലോ/ആശുപത്രികളിലോ വച്ചുള്ള മരണം ബന്ധപ്പെട്ട സ്ഥാപനമേ ധാവിയും റിപ്പോർട്ട് ചെയ്യണം. 21 ദിവസ ത്തിനകം റിപ്പോർട്ട് ചെയ്യണം. 21 ദിവസം വരെ ഫീസില്ല. 21 ദിവസത്തിനു ശേഷം 30 ദിവസം 2 രൂപ ലേറ്റ് ഫീ. | FHC യിൽ നിന്ന് റിപ്പോർട്ട് ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 3. | **ജനനം / മരണം വൈകി രജിസ്റ്റർ ചെയ്യൽ (30 ദിവസത്തിനു ശേഷം 1 വർഷം വരെ)** | ജനന/മരണ റിപ്പോർട്ട് 1 പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യവാ ങ്മൂലം 1 കോപ്പി, ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്) സെക്രട്ടറിക്കുള്ള അപേക്ഷ. (ബാക്കി കാര്യങ്ങൾ ക്രമ.നം 1, 2 പോലെ) ലേറ്റ് ഫീ 5 രൂപ | ജില്ലാ രജിസ്ട്രാ റിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം. |
| 4. | **ജനനം / മരണം വൈകി രജിസ്റ്റർ ചെയ്യൽ (1 വർഷത്തിനു ശേഷം)** | ജനന/മരണ റിപ്പോർട്ട് 1 പകർപ്പ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം 2 കോപ്പി ആർ.ഡി.ഒ-യ്ക്കുള്ള അ പേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്) ആർഡിഒ-യുടെ അനുമതി ലഭിക്കുന്നതി ന് സത്യവാങ്മൂലം, പഞ്ചായത്തിൽ നിന്നു ള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്ക റ്റ് എന്നിവ സഹിതം നേരിട്ട് അപേക്ഷ സമ ർപ്പിക്കാവുന്നതാണ്. (ബാക്കി കാര്യങ്ങൾ ക്രമ.നം 1,2 പോലെ) ഫീസ് 10 രൂപ | ആർ.ഡി.ഒ-യുടെ അനുമതി ഉത്തരവ് ലഭിച്ച് 7 പ്രവൃത്തി ദിവസം |

## മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 5. | **ജനന/മരണ സർട്ടിഫിക്കറ്റുകൾ** (1970 മുതലുള്ള സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.) | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത മാതൃകയുള്ള പൂർണ്ണമായ അപേക്ഷ. അപേക്ഷകന്റെ പേരിൽ വാങ്ങിയ 30 രൂപയിൽ കുറയാത്ത വിലയുള്ള മുദ്രപ്പത്രം. തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപയും. പകർത്തൽ ഫീസ് 5 രൂപയും. | 12-ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം മറ്റുള്ളവ 7 പ്രവൃത്തി ദിവസം |
| 6. | **വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ** (ഇന്ത്യയിലെത്തി 60 ദിവസത്തിനകം) | മാതാപിതാക്കൾ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നത് മൂർക്കനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്തായിരിക്കണം. ജനന റിപ്പോർട്ട് 2 പകർപ്പ്, സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 150 രൂപയുടെ മുദ്രപ്പത്രത്തിൽ രേഖപ്പെടുത്തിയ സത്യവാങ്മൂലം, മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. കുട്ടിയുടെ ജനനതീയതി തെളിയിക്കുന്ന രേഖ (പാസ്പോർട്ട്/ആശുപത്രി രേഖ) | 30 പ്രവൃത്തി ദിവസം |
| 7. | **ജനന രജിസ്റ്ററിൽ പേര് ചേർക്കൽ** | ചേർക്കേണ്ട പേര് ഇംഗ്ലീഷിലും മലയാളത്തിലും വ്യക്തമായി എഴുതിയിട്ടുള്ളതും കുട്ടിയുടെ മാതാവും പിതാവും ഒപ്പിട്ടിട്ടുള്ളതുമായ നിശ്ചിത മാതൃകയിലുള്ള 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച സംയുക്ത അപേക്ഷ. സ്കൂളിൽ ചേർത്തിട്ടുണ്ടെങ്കിൽ അഡ്മിഷൻ രജിസ്റ്ററിന്റെ/എസ്.എസ്.എൽ.സി-യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്. സംയുക്ത അപേക്ഷയല്ലെങ്കിൽ കാരണം വ്യക്തമാക്കണം. സ്ക്കൂൾ രേഖയിലെ ജനനതീയതിയും ജനന രജിസ്റ്ററിലെ ജനനതീയതിയും തമ്മിൽ 10 മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ ജില്ലാ രജിസ്ട്രാർക്കുള്ള അനുമതിക്കുള്ള അപേക്ഷ കൂടി (2 സെറ്റ്) സമർപ്പിക്കണം. ഒരു വയസ്സ് വരെ ഫീസില്ല. ഒരു വർഷത്തിനു ശേഷം 5 രൂപ. | 7 പ്രവൃത്തിദിവസം. ജില്ലാ രജിസ്ട്രാറുടെ അനുമതി വേണ്ട. അപേക്ഷയുടെ കാര്യത്തിൽ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം |
| 8. | **ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലാ എന്ന സാക്ഷ്യപത്രം** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ. ജനന/മരണ സമയത്തെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ/സാക്ഷ്യപത്രം. ഫീസ് 2 രൂപ. തെരച്ചിൽ ഫീസ് വർഷത്തിന് 2 രൂപ വീതം. | 7 പ്രവൃത്തി ദിവസം.പോലീസ് റിപ്പോർട്ട് ആവശ്യമെങ്കിൽ അത് ലഭിച്ച് 7 പ്രവൃത്തി ദിവസം. |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 9. | **ജനന/മരണ രജിസ്ട്രേഷനിൽ തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന്** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ /അധികാരിയുടെ തിരുത്തൽ കത്ത്. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം. രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ. സ്ക്കൂൾ സർട്ടിഫിക്കറ്റ് പകർപ്പ്. ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട് പകർപ്പ്. തിരിച്ചറിയൽ കാർഡ് പകർപ്പ്. റേഷൻ കാർഡ് പകർപ്പ്. അപേക്ഷകൻ താമസിക്കുന്നത് രജിസ്ട്രേഷൻ യൂണിറ്റിന് പുറത്താണെങ്കിൽ ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം. ഫീസ് 50 രൂപ. എന്നാൽ തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ക്രമ.നം. 7 പ്രകാരമുള്ള നിബന്ധനകൾ ബാധകം. ജനന സർട്ടിഫിക്കറ്റിലെ ജനന തീയതിയും സ്ക്കൂൾ സർട്ടിഫിക്കറ്റിലെ ജനന തീയതിയും തമ്മിൽ 10 മാസത്തിലധികം വ്യത്യാസം ഉണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ല രജിസ്ട്രാറുടെ അനുമതി വേണം. അതിനുള്ള അപേക്ഷ (2 സെറ്റ്) സമർപ്പിക്കണം. | 7 പ്രവൃത്തി ദിവസം. ജില്ലാ രജിസ്ട്രാറുടെ അനുമതി വേണ്ട അപേക്ഷയുടെ കാര്യത്തിൽ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം. |
| 10. | **ഹിന്ദു വിവാഹ രജിസ്ട്രേഷൻ** | വധൂ വരന്മാർ ഹിന്ദു മതത്തിൽ ഉള്ളവരായിരിക്കണം. 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ. നിർദ്ദിഷ്ട ഫോറത്തിലുള്ള വിവാഹ റിപ്പോർട്ട്-2 കോപ്പി. ഹിന്ദു മതാചാര പ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ. വരന് 21 വയസ്സും വധുവിന് 18 വയസ്സും വിവാഹ തീയതിയിൽ പൂർത്തിയായിരിക്കണം. പ്രായം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് ഹാജറാക്കണം. വരന്റെ/ വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കണം. ഈ പഞ്ചായത്ത് പ്രദേശത്ത് വെച്ച് നടന്ന വിവാഹമായിരിക്കണം. വിവാഹം നടന്ന് 15 ദിവസത്തിനകം അപേക്ഷിക്കണം. 15 ദിവസത്തിനുശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതി | 15 പ്രവൃത്തി ദിവസം. ജില്ലാ രജിസ്ട്രാറുടെ അനുമതി വേണ്ട. അപേക്ഷയുടെ കാര്യത്തിൽ അനുമതി ലഭിച്ച് 15 പ്രവൃത്തി ദിവസം. |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| | | കളിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള വധൂവരന്മാരുടെ സംയുക്ത അപേക്ഷ കൂടി നൽകണം. വിവാഹം നടന്ന് 30 ദിവസത്തിനു ശേഷമാണെങ്കിൽ ജില്ലാ രജിസ്ട്രർക്കുള്ള അപേക്ഷ കൂടി സമർപ്പിക്കണം. ഫീസില്ല. | |
| 11. | **പൊതുവിവാഹ രജിസ്ട്രേഷൻ** (വിവാഹം നടന്ന് 5 വർഷത്തിനകം) | ഓൺലൈനായി അപേക്ഷ സമർപ്പിച്ച ശേഷം പ്രിന്റ് ഔട്ട് ആയി ലഭിക്കുന്ന നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടം 2 പകർപ്പ്. 45 ദിവസത്തിനുശേഷമാണെങ്കിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാപ്പപേക്ഷ. മേൽവിലാസവും പ്രായവും തെളിയിക്കുന്നതിനുള്ള രേഖകൾ. (എസ്.എസ്.എൽ.സി/പാസ്പോർട്ട്/ ജനന സർട്ടിഫിക്കറ്റ്/ സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ്) മതാചാര പ്രകാരമുള്ള വിവാഹം/സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമുള്ള വിവാഹം ആണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം. 45 ദിവസത്തിനു ശേഷമാണെങ്കിൽ എം.പി./ എം.എൽ.എ./പഞ്ചായത്ത് അംഗം/ ഗസറ്റഡ് ഓഫീസർ നൽകുന്ന ഫോറം 2 - ലുള്ള പ്രഖ്യാപനം. സാക്ഷികളുടെ തിരിച്ചറിയൽ രേഖ. വരന്റെ/വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കണം. വിവാഹം നടന്ന് 5 വർഷം കഴിഞ്ഞതിനു ശേഷമാണെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിക്കണം. കാലതാമസത്തിനുള്ള കാരണം കാണിച്ചുള്ള അപേക്ഷ കൂടി സമർപ്പിക്കണം. വ്യത്യസ്തമായ വിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർചെയ്യും. രജിസ്ട്രഷൻ ഫീസ് 100 രൂപ. സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞാൽ 100 രൂപ പിഴയും കൂടി അടയ്ക്കണം. രജിസ്ട്രേഷൻ നടത്തുന്ന അതേ ദിവസം തന്നെ സർട്ടിഫിക്കറ്റ് ലഭിക്കു. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. | രജിസ്ട്രേഷൻ നടത്തുന്ന അതേ ദിവസം തന്നെ സർട്ടിഫിക്കറ്റ് ലഭിക്കും. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 12. | **പൊതു വിവാഹ രജിസ്ട്രേഷൻ** (വിവാഹം നടന്ന് 5 വർഷത്തിനു ശേഷം) | വിവാഹം നടന്ന് 5 വർഷം കഴിഞ്ഞതിനു ശേഷമാണെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിക്കണം. ക്രമ. നം. 11-ൽ പറഞ്ഞിട്ടുള്ള രേഖകൾ കൂടാതെ കാലതാമസത്തിനുള്ള കാരണം കാണിച്ചുള്ള അപേക്ഷകൂടി സമർപ്പിക്കണം. മെമ്മോറാണ്ടം 3 പകർപ്പ് സമർപ്പിക്കണം. എല്ലാ രേഖകളും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം രജിസ്ട്രേഷൻ ഫീസ് 100 രൂപ സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. 250 രൂപ പിഴ. | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിച്ച് 3 പ്രവൃത്തി ദിവസം. |
| 13. | **കെട്ടിട നിർമ്മാണ പെർമിറ്റ്** (പുതിയവയും ക്രമവൽക്കരിക്കലും ഉപയോഗ ക്രമമാറ്റലും) 100 ച.മീ-ൽ അധികം തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുള്ള എല്ലാ തരത്തിലുള്ള നിർമ്മിതികൾക്കും. | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അനുബന്ധം എ അപേക്ഷ (അപേക്ഷയിലും പ്ലാനിലും ലൈസൻസുള്ള ബിൽഡിംഗ് സൂപ്പർ വൈസറും അപേക്ഷകനും ഒപ്പിട്ടിരിക്കണം). ബിൽഡിംഗ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ, പാർക്കിംഗ് പ്ലാൻ, (ആവശ്യമെങ്കിൽ) പട്ടയത്തിന്റെ/ആധാരത്തിന്റെ പകർപ്പ്. തൻവർഷത്തെ ഭൂ നികുതി അടച്ച രസീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്. ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസിന്റെ പകർപ്പ്. വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ് എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കണം. ഫീസ് കെ.പി.ബി.ആർ പട്ടിക 1,2 പ്രകാരം. അപേക്ഷാ ഓൺലൈൻ ചെയ്യുക. നിലവിൽ കോടതി കേസുകൾ ഉണ്ടെങ്കിൽ ആയത്.<br>1. ഓൺലൈൻ അപേക്ഷ | പരമാവധി 30 ദിവസം. |
| 14. | **കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ** | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ. തൻ വർഷത്തെ ഭൂ നികുതി അടച്ച രസീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്, നിലവിലുള്ള പെർമിറ്റും പ്ലാനും. കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക ഫീസ് കാലാവധി കഴിഞ്ഞാൽ 1 വർഷത്തിനുള്ളിൽ പെർമിറ്റ് ഫീസിന്റെ 50% (ഒരു പ്രാവശ്യം മാത്രം) ഓൺലൈൻ അപേക്ഷ. | പരമാവധി 15 ദിവസത്തിനകം |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**

(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 15. | **കെട്ടിട നിർമ്മാണ പെർമിറ്റ് കൈമാറ്റം ചെയ്യൽ** | വസ്തു കൈമാറ്റം ചെയ്ത വ്യക്തിയുടേയും കൈമാറിക്കിട്ടിയ വ്യക്തിയുടെയും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷകൾ. നിലവിലുള്ള പെർമിറ്റും പ്ലാനും (ഒറിജിനൽ) കൈമാറിക്കിട്ടിയ വ്യക്തിയുടെ പേരിലുള്ള കൈവശ സർട്ടിഫിക്കറ്റ്. സ്ഥലം കൈമാറ്റം ചെയ്തതിന്റെ ആധാരത്തിന്റെ പകർപ്പ് (ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കണം). ഫീസ് 25 രൂപ. ഓൺലൈൻ അപേക്ഷ. | പരമാവധി 10 ദിവസത്തിനകം |
| 16. | **ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിക്കുന്നതിന് പെർമിറ്റ്** | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അനുബന്ധം എ 2 അപേക്ഷ. സൈറ്റ് പ്ലാൻ, എലിവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ, തൻവർഷത്തെ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്. അപേക്ഷ സ്ഥലം ഉടമ അല്ലെങ്കിൽ ലീസ് എഗ്രിമെന്റ് (എഗ്രിമെന്റ് രജിസ്റ്റർ ചെയ്തിരിക്കണം) ടവറിന്റെ സ്ട്രച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്. ടവർ കെട്ടിടത്തിന്റെ മുകളിലാണെങ്കിൽ കെട്ടിടത്തിന്റെയും ടവറിന്റെയും സ്ട്രചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് (സ്ട്രക്ച്ചറൽ/സിവിൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദമുള്ള വ്യക്തി നൽകുന്നത്) വാർത്താവിനിമയ വകുപ്പുമായി വച്ച എഗ്രിമെന്റിന്റെ പകർപ്പ്. അപേക്ഷ ഫീസ് ടവറിന് 10000 രൂപ. | പരമാവധി 30 ദിവസം |
| 17. | **സ്ഥലം ഡെവലപ്മെന്റിനുള്ള പർമിറ്റ് ലഭിക്കുവാൻ** | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അനുബന്ധം എ അപേക്ഷ. സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, തൻവർഷത്തെ ഭൂ നികുതി അടച്ച രശീതിന്റെ പകർപ്പ്. കൈവശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, പട്ടയത്തിന്റെ/ആധാരത്തിന്റെ പകർപ്പ്. അപേക്ഷ ഫീസ് 20 രൂപ. പർമിറ്റ് ഫീസ് ഏക്കറിന് 250 രൂപ വീതം. | പരമാവധി 30 ദിവസത്തിനകം |
| 18. | **പുതിയ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന്** | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. വസ്തു നികുതി ചട്ടം ഫോറം 2/ 2എ-ലുള്ള റിട്ടേൺ. പഞ്ചായത്തിൽ നിന്നും ലഭിച്ച പെർമിറ്റ് /എൻ.ഒ.സി. പകർപ്പ്. തൻവർഷത്തെ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്, | പരമാവധി 30 ദിവസം |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| | | ലൊക്കേഷൻ സ്കെച്ച്, പട്ടയത്തിന്റെ / ആധാരത്തിന്റെ പകർപ്പ്. പെർമിറ്റ് ആവ ശ്യമുള്ള കെട്ടിടമാണെങ്കിൽ അംഗീകരിച്ചു നൽകിയ പ്ലാനിന്റെ പകർപ്പും ഉടമയും എഞ്ചിനീയറും ഒപ്പിട്ട കംപ്ലീഷൻ സർട്ടിഫി ക്കറ്റും. | |
| 19. | **കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന്** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച, കെട്ടിടനമ്പർ രേഖപ്പെടുത്തിയ അപേക്ഷ. ആധാരത്തിന്റെ പകർപ്പ്, കൈവശ സർട്ടി ഫിക്കറ്റ്, ഭൂ നികുതി അടച്ച രസീതിന്റെ പകർപ്പ്, മുൻ ഉടമസ്ഥന്റെ സമ്മതപത്രം. കൈമാറ്റം നടന്ന് 3 മാസത്തിനുള്ളിൽ അപേക്ഷിച്ചാൽ ഫീസില്ല. 3 മാസത്തിനു ശേഷം 500 രൂപ ഫീസ്. കെട്ടിട ഉടമയുടെ മരണശേഷം പാരമ്പര്യാവകാശമായി ലഭിച്ച കെട്ടിടമാണെങ്കിൽ (തീറാധാരം നടക്കാ ത്ത സംഗതിയിൽ മരണ സർട്ടിഫിക്കറ്റ്, ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ എന്നിവ കൂടി ഹാജരാക്കണം. | പരമാവധി 45 ദിവസം |
| 20. | **കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്** (Ownership Certificate) | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച, കെട്ടിട നമ്പർ രേഖപ്പെടുത്തിയ അപേ ക്ഷ. (തൻവർഷത്തേതുൾപ്പെടെ കെട്ടിട നികുതി അടവാക്കിയിക്കണം) ഫീസില്ല. | അന്നേദിവസം തന്നെ |
| 21. | **വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ്** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച, കെട്ടിടനമ്പർ രേഖപ്പെടുത്തിയ അപേക്ഷ. സ്ഥിരതാമസം തെളിയിക്കുന്ന രേഖയുടെ പകർപ്പ് (റേഷൻ കാർഡ്/ആധാർ കാർഡ് /ഇലക്ഷൻ തിരിച്ചറിയൽ കാർഡ്). ഫീസില്ല | അന്വേഷണ ത്തിന് വിധേയ മായി പരമാവധി 5 ദിവസം |
| 22. | **സ്ഥിരതാമസ സർട്ടിഫിക്കറ്റ്** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച, കെട്ടിട നമ്പർ രേഖപ്പെടുത്തിയ അപേ ക്ഷ. ശരിയായ വാർഡ് നമ്പരും വീട്ടുന മ്പരും രേഖപ്പെടുത്തിയിരിക്കണം. വാടക യ്ക്കാണ് താമസമെങ്കിൽ വാടക കരാറി ന്റെ പകർപ്പും കെട്ടിട ഉടമയുടെ സമ്മതപ ത്രവും ഹാജറാക്കണം. കുടുംബാംഗങ്ങ ളുടെ കാര്യത്തിൽ കെട്ടിട ഉടമയുടെ സമ്മതപത്രവും തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കിയാൽ മതി. ഫീസില്ല. | അന്വേഷണ ത്തിന് വിധേയ മായി പരമാവധി 7 പ്രവൃത്തി ദിവസം. |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 23. | **ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ, ഇൻഡസ്ട്രിയലുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുമുള്ള അനുമതി** | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫോറത്തിലുള്ള അപേക്ഷ. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ. കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ, സമീപവാസികളുടെ സമ്മതപത്രം, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യ വകുപ്പ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ അനുമതി പത്രം/നിരാക്ഷേപ സാക്ഷ്യപത്രം. കെട്ടിടം വാടകയ്ക്കാണെങ്കിൽ കെട്ടിട ഉടമസ്ഥന്റെ സമ്മത പത്രം/കരാർ പത്രം, ഫീസ് ചട്ട പ്രകാരം. | 30 പ്രവൃത്തി ദിവസം 5 കുതിര ശക്തിയിൽ അധികം വരുന്ന മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുവാദം ലഭിച്ച ശേഷം. |
| 24. | **വ്യാപാര/വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്** | പുതിയതായി ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത ഫോറത്തിൽ, 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ നൽകുക. പുതുക്കുന്നതിന് നിലവിലുള്ള ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ നൽകണം. കെട്ടിടം വാടകയ്ക്കാണെങ്കിൽ വാടക കരാറിന്റെ പകർപ്പ്, സാനിട്ടറി സർട്ടിഫിക്കറ്റ്. | 30 പ്രവൃത്തി ദിവസം |
| 25. | **ക്വാറികൾക്കുള്ള ലൈസൻസ്** | നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി. റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശസർട്ടിഫിക്കറ്റ്, എക്സ്പ്ലോസിവ് അനുമതി. ബ്ലാസ്റ്റേഴ്സ് സർട്ടിഫിക്കറ്റ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി. ക്വാറി നടത്തുന്ന സ്ഥലത്തിന്റെ സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും. | 30 പ്രവൃത്തി ദിവസം |
| 26. | **ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി** (കന്നുകാലി 5 ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, കോഴി 100 ൽ കൂടുതൽ, പന്നി 5 ൽ കൂടുതൽ) | ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി (കന്നുകാലി 5 ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, കോഴി 100 ൽ കൂടുതൽ, പന്നി 5 ൽ കൂടുതൽ) ഫോറം 1 ൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ. സൈറ്റ് പ്ലാൻ, സ്കെച്ച്, സാനിട്ടേഷൻ സൗകര്യം, സ്ഥലത്തിന്റെ വിസ്തീർണ്ണം, സ്ഥലത്തിന്റെ അതിർത്തിയിൽ നിന്നും 100 മീറ്റർ പരിധിയിൽ ജനവാസം സംബന്ധിച്ച കാര്യങ്ങൾ മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം മലിനീകരണ | 30 പ്രവൃത്തി ദിവസം |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| | | നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി. സാനിട്ടറി സർട്ടിഫിക്കറ്റ്. | |
| 27. | **സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് സഹായം** | ➢ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്.<br>➢ വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷമായി കേരളത്തിൽ സ്ഥിരമായിരിക്കണം.<br>➢ വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ്സ് തികഞ്ഞിരിക്കണം.<br>➢ ആദ്യ വിവാഹമായിരിക്കണം.<br>➢ സ്വർണ്ണമുൾപ്പെടെ ആകെ സമ്പത്ത് 50000/ രൂപയിൽ കവിയരുത്.<br>➢ അപേക്ഷക പുനർ വിവാഹം ചെയ്തിട്ടുണ്ടാവരുത്.<br>➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ട് പകർപ്പുകൾ.<br>➢ വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്തപക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ. (പരമാവധി 1 വർഷം വരെ)<br>➢ അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ<br>➢ വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്<br>➢ അപേക്ഷകയും മകളും പരേതന്റെ ഭാര്യയും മകളുമാണെന്ന രേഖ<br>➢ വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷമായി കേരളത്തിൽ സ്ഥിരതാമസമാണെന്ന രേഖ<br>➢ വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതി/അച്ചടിച്ച വരന്റെ സത്യവാങ്മൂലം.<br>➢ വിവാഹ സർട്ടിഫിക്കറ്റ്<br>➢ ബാങ്ക് പാസ്ബുക്ക് കോപ്പി | 30 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി പാസാക്കുന്നു. ഫണ്ട് ലഭിക്കുന്ന മുറക്ക് ധനസഹായം നൽകുന്നു. |
| 28. | **ചുമത്തിയ വസ്തു നികുതിയിൽമേലുള്ള അപ്പീൽ** | ➢ നികുതി അധികമാണെന്ന് പറയുന്നതിനുള്ള കാരണം കാണിച്ച് വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ സ്റ്റാമ്പ് പതിച്ച്)<br>➢ ചുമത്തിയ നികുതി ഒടുക്കിയ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 30 പ്രവൃത്തി ദിവസം |
| 29. | **വസ്തു നികുതി ഒഴിവാക്കൽ** | ➢ നികുതി ഒഴിവാക്കുന്നതിനുള്ള കാരണങ്ങളും രേഖകളും സഹിതം കാണിച്ച് വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്)<br>➢ കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ച് തീർത്തിരിക്കണം. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 30 പ്രവൃത്തി ദിവസം |

## മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 30. | **പട്ടിയെ വളർത്തുന്നതിനുള്ള ലൈസൻസ്** | ➢ പ്രതിരോധ കുത്തിവെപ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.<br>➢ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്) നൽകുക.<br>➢ അടക്കേണ്ട ഫീസ് 1 ന് 10 രൂപ വീതം. | 7 ദിവസം |
| 31. | **സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ പുതുക്കൽ** | ➢ കെട്ടിടം സംബന്ധിച്ച രേഖ (വാടകക്കെട്ടിടമാണെങ്കിൽ സമ്മതപത്രം, വാടക ചീട്ട്) മുതലായവ ഉണ്ടായിരിക്കണം. രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം.<br>➢ പുതിയതിന്റെ കാര്യത്തിൽ നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്, സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ നൽകുക.<br>➢ അടക്കേണ്ട ഫീസ് 200 രൂപ.<br>➢ പുതുക്കൽ 50 രൂപ. വൈകുന്ന ഓരോ ദിവസത്തിനും 100 രൂപ വീതം പിഴ. | 7 ദിവസം |
| 32. | **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതിന്.** | ➢ 18 വയസ്സ് പൂർത്തിയാവുകയും കായികാദ്ധ്വാനം ചെയ്യാൻ തയ്യാറുമായിരിക്കണം.<br>➢ പഞ്ചായത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.<br>➢ റേഷൻ കാർഡ് /തിരിച്ചറിയൽ കാർഡ് ഹാജരാക്കണം.<br>➢ ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം<br>➢ ഒരു വർഷത്തിൽ കുടുംബത്തിന് ആകെ 100 തൊഴിൽ ദിനം. | പരമാവധി 100 തൊഴിൽ ദിനം 14 ദിവസം കൂടുമ്പോൾ കൂലി. |
| 33. | **ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ** | ➢ 60 വയസ്സിനുള്ളിൽ പ്രായം.<br>➢ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്.<br>➢ മൂന്ന് വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരാകണം.<br>➢ വൃദ്ധസദനത്തിലോ,ശരണാലയത്തിലോ, അന്തേവാസിയാവരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്.<br>➢ പ്രയപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ അവരുടെ സംരക്ഷണമില്ലാത്തവരായിരിക്കണം | അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിലും ശേഷം 60 ദിവസത്തിനകം അപേക്ഷകനെ/യെ വിവരം അറിയിക്കും. |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| | | ➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ.<br>➢ പ്രായം തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് / സ്കൂൾ സർട്ടിഫിക്കറ്റ് / പാസ്പോർട്ട് / തിരച്ചറിയൽ കാർഡ് / ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പോ ഇവലഭ്യമല്ലെങ്കിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സാക്ഷ്യപ ത്രമോ ഹാജറാക്കണം.<br>➢ സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ് / മേൽവിലാസം തെളി യിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്, ആധാർ കാർഡ് നിർബന്ധം)<br>➢ തിരിച്ചറിയൽ രേഖ (ഡ്രൈവിംഗ് ലൈസൻസ്/ആധാർകാർഡ്/ഫോട്ടോ പതിച്ച മറ്റെന്തങ്കിലും രേഖകൾ അപ്പ ലേറ്റ് അതേറിറ്റി പഞ്ചായത്ത് ഡയറക്ടർ. | അപ്പലേറ്റ് അതോറിറ്റി ജില്ലാ കലക്ടർ മലപ്പുറം |
| 34. | **അഗതി പെൻഷൻ**<br>(വിധവകൾക്കും വിവാഹമോചിതർക്കും | ➢ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br>➢ മറ്റുപെൻഷനുകൾ വാങ്ങുന്നവരാക രുത്.<br>➢ രണ്ടുവർഷമായി കേരളത്തിൽ സ്ഥിര താമസക്കാരാകണം.<br>➢ വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത്. യാചക വൃത്തി തൊഴിലായി സ്വീകരിച്ചവരുമാരുത്.<br>➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ.<br>➢ വിധവ ആണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞവരും 50 വയസ്സ് പൂർത്തിയായവരും ആണെ ങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റോ ഹാജരാക്കണം.<br>➢ സ്ഥിര താമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളി യിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്)<br>➢ തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറി യൽ കാർഡ്/ആധാർ കാർഡ്/ ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖകൾ. | അന്വേഷണത്തി നും സ്റ്റാൻിംഗ് കമ്മിറ്റി, ഭരണസമി തി എന്നിവയുടെ തീരുമാനത്തിനും ശേഷം 60 ദിവസ ത്തിനകം അപേക്ഷകനെ/ യെ വിവരം അറി യിക്കും<br><br>അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**

(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| 35. | **വികലാംഗ പെൻഷൻ** (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ) | ➢ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത് (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br>➢ മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്.<br>➢ രണ്ടുവർഷമായി കേരളത്തിൽ സ്ഥിര താമസക്കാരാകണം.<br>➢ യാചകവൃത്തി തൊഴിലായി സ്വീകരിച്ച വരാകരുത്.<br>➢ സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്)<br>➢ തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർ കാർഡ് / ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്. ആധാർ കാർഡ് നിർബന്ധം.<br>➢ വികലാംഗത്വം തെളിയിക്കുന്ന രേഖ.<br>➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ.<br>➢ അംഗവൈകല്യം - ചുരിങ്ങിയത് - 40% അന്ധർ കൂടുതൽ കാഴ്ചയുള്ള കണ്ണിൽ 6/60 അഥവ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്. ബധിരൻ - കേൾവി ശേഷി 90 ഡെസിബലിൽ കുറയാത്തത്. മാനസിക വൈകല്യം - ഐ.ക്യൂ 50 ൽ താഴെ. | അന്വേഷണത്തിനും സ്റ്റാൻിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം 60 ദിവസത്തിനകം അപേക്ഷകനെ/യെ വിവരം അറിയിക്കും.<br><br>അപ്പലേറ്റ് അതോറിറ്റി ജില്ലാ കലക്ടർ മലപ്പുറം. |
| 36. | **കർഷക തൊഴിലാളി പെൻഷൻ** | ➢ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. (സർട്ടിഫിക്കറ്റ് ഹാജരാക്കണം ).<br>➢ മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്.<br>➢ 60 വയസ്സ് പൂർത്തിയായിരിക്കണം.<br>➢ പത്തുവർഷമായി കേരളത്തിൽ സ്ഥിര താമസക്കാരനാണന്ന രേഖ ഹാജരാക്കണം. വ്യദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത്.യാചക വൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്.<br>➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ | അന്വേഷണത്തിനും സ്റ്റാൻിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം 30 ദിവസത്തിനകം അപേക്ഷകനെ/യെ വിവരം അറിയിക്കും.<br><br>അപ്പലേറ്റ് അതോറിറ്റി ജില്ലാകലക്ടർ മലപ്പുറം. |

## മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| | | ➢ സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻകാർഡ് മേൽ വിലാസം തെളിയിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്)<br>➢ തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്/ ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖകൾ.<br>➢ കർഷകതൊഴിലാളി ക്ഷേമ നിധിയിൽ അംഗമായിരുന്നതിന്റെ സാക്ഷ്യപത്രം. | |
| 37. | **50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ** | ➢ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്.<br>➢ മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്.<br>➢ 60 വയസ്സ് പൂർത്തിയായിരിക്കണം.<br>➢ കേരളത്തിൽ സ്ഥിരതാമസമാക്കിയവരാകണെന്ന രേഖ ഹാജറാക്കണം<br>➢ വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്.<br>➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻകാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്)<br>➢ തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് ആധാർ കാർഡ് / ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖകൾ )<br>➢ അവിവാഹിതയാണെന്നുള്ള വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. | അന്വേഷണത്തിനും സ്റ്റാൻിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനും ശേഷം 60 ദിവസത്തിനകം അപേക്ഷകനെ/യെ വിവരം അറിയിക്കും.<br><br>അപ്പലേറ്റ് അതോറിറ്റി ജില്ലാ കലക്ടർ മലപ്പുറം. |
| 38. | **തൊഴിൽ രഹിത വേതനം** | ➢ വാർഷിക വരുമാനം 12,000 രൂപയിലും വ്യക്തിഗത വരുമാനം മാസം 100 രൂപയിലും അധികരിക്കരുത്<br>➢ എസ്.എസ്.എൽ.സി പാസ്സായവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/ വികലാംഗർ എന്നീ വിഭാഗകാർക്ക് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സിക്ക് ഹാജരായാലും പരിഗണിക്കുന്നതാണ്.<br>➢ പ്രായം 18 നും 35 നും ഇടയിലായിരിക്കണം. | അന്വേഷണം പൂർത്തിയാക്കി ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും തീരുമാന പ്രകാരം എംപ്ലോയ്മെന്റ് ഓഫീസർക്ക് അയക്കും. |

**മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**
(സേവനാവകാശ നിയമം പ്രകാരം ഉള്ള സേവനങ്ങൾക്ക്
വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | അപേക്ഷ കിട്ടിയ തിന് ശേഷമുള്ള സമയം/ദിവസം |
|---|---|---|---|
| | | ➢ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 18 വയസ്സിന് ശേഷം തുടർച്ചയായി വികലാംഗർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോരിറ്റി വേണം.<br>➢ യഥാസമയം പുതുക്കാതിരിക്കാൻ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ 3 വർഷം പൂർത്തീകരിച്ചിരിക്കണം.<br>➢ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ട് പകർപ്പുകൾ.<br>➢ എസ്.എസ്.എൽ.സി ബുക്ക്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, ടി.സി , വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.<br>➢ സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/വിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്)<br>➢ തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ് /ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖകൾ. | പാസ്സായി വരുന്ന മുറക്ക് അപേക്ഷ വച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ അനുവദിച്ചു നൽകുന്നു. |

# കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ് |
|---|---|---|
| 1. | **കാർഷിക വിജ്ഞാന വ്യാപനം** | ➢ ഓഫീസ് വഴി ആവശ്യപ്രകാരം കാർഷിക അറിവുകൾ നൽകുന്നു. |
| 2. | **സൗജന്യ മണ്ണ് പരിശോധന** | ➢ ആവശ്യത്തിനനുസരിച്ച് മുഴുവൻ കർഷകർക്കും പരിശോധിച്ച് പ്രയോജനപ്പെടുത്തേണ്ടതാണ്. |
| 3. | **കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃത വുമായ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നു.** | ➢ ചെറുകിട നാമമാത്ര കർഷകർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതിയിലൂടെ ലഭ്യതയനുസരിച്ച് |
| 4. | **ത്രിതല പഞ്ചായത്ത് വാർഷിക പദ്ധതികൾ** | ➢ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതിയുടെ ലഭ്യതക്കനുസരിച്ച് ഗ്രാമസഭാ തീരുമാനങ്ങൾക്കും വിധേയമായി നടപ്പിലാക്കുന്നു. |
| 5. | **കാർഷിക മേഖലയിലെ സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.** | ➢ സർക്കാർ നിർദ്ദേശത്തിനും ഫണ്ടിനും വിധേയമായി. |
| 6. | **ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു.** | ➢ ലഭ്യതയനുസരിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു. |
| 7. | **പ്രകൃതിക്ഷോഭ ദുരിതാശ്വാസം, കാർഷിക വിളകൾക്ക് നഷ്ടപരിഹാര തുക അനുവദിക്കുന്നു .** | ➢ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകരുടെ അപേക്ഷകളിൻമേലുള്ള അന്വേഷണത്തിനും ഫണ്ടിനും വിധേയമായി. |
| 8. | **രാസവളം, കീടനാശിനി ഗുണനിലവാരം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു** | ➢ സാമ്പിൾ സമർപ്പിക്കുന്ന മുറക്ക് നിശ്ചിത ഫീസ് ഈടാക്കി ലാബിൽ അയച്ച് റിസൽട്ട് ലഭ്യമാക്കുന്നു. |
| 9. | **വിള ഇൻഷുറൻസ്** | ➢ വിളകളുടെ വിസ്തൃതിക്കനുസരിച്ച് ഇൻഷൂറൻസ് പ്രീമിയം കർഷകർ ഒടുക്കണം. |
| 10. | **കർഷക പെൻഷൻ** | ➢ കുറഞ്ഞത് 10 സെന്റ് പട്ടയ കൃഷിഭൂമി സ്വന്തം പേരിലുള്ള 60 വയസ്സ് പൂർത്തീകരിച്ചിട്ടുള്ള ചെറുകിട നാമമാത്ര കർഷകർക്ക്. |

# കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ് |
|---|---|---|
| 11. | **വളം , കീടനാശിനി വിൽക്കുന്നതിനുള്ള ലൈസൻസ്** | ➢ കൃഷി വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് കാലാകാലങ്ങളിലെ ഫീസ് ചെലാൻ അടച്ച് നൽകുന്ന അപേക്ഷകൾ<br>**ഫീസ്**<br>കീടനാശിനി - 35 രൂപ<br>വളം - 38 രൂപ<br>കൃഷി ജോയിന്റ് ഡയറക്ടർ ലൈസൻസ് അനുവദിക്കുന്ന മുറക്ക്. |
| 12. | **കേരള കർഷക മാസിക** | ➢ വാർഷിക വരിസംഖ്യ 100 രൂപാ നിരക്കിൽ കൃഷിഭവനിൽ അടച്ച് വരിക്കാരനാകാം. |
| 13. | **സസ്യരോഗ – കീടനിന്ത്രണ മാർഗ്ഗങ്ങളെ കുറിച്ച് നിർദേശങ്ങൾ നൽകുന്നു** | പ്രവൃത്തി ദിവസങ്ങളിൽ |
| 14. | **കാർഷിക രംഗത്ത് ചെറുകിട യന്ത്രവൽകരണം** | പ്രവൃത്തികൾ ലഭിക്കുന്ന മുറക്ക് |
| 15. | **കാർഷികാവശ്യത്തിന് കണക്ഷൻ ലഭിക്കുന്നതിനും സൗജന്യ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നു** | ചെറുകിട-നാമ മാത്ര കർഷകർക്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് |
| 16. | **ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിന് വേണ്ട സാങ്കേതിക – സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കുന്നു.** | പ്രവൃത്തി ദിവസങ്ങളിൽ |
| 17. | **ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നതിനും കർഷകർക്ക് നിർദ്ദേശം നൽകുന്നു.** | പ്രവൃത്തി ദിവസങ്ങളിൽ |
| 18. | **തരിശുഭൂമികൾ പരമാവധി കൃഷിയോഗ്യമാക്കുന്നതിനും, കൃഷി ചെയ്യാൻ കർഷകർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നു.** | പ്രവൃത്തി ദിവസങ്ങളിൽ |

## കുടുംബാരോഗ്യ കേന്ദ്രം (പി.എച്ച്.സി) യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 1. | **പ്രതിരോധ കുത്തിവെപ്പുകൾ** | ➢ 7 വയസ്സിനു താഴെയുള്ള കുട്ടികൾ.<br>➢ 10,15 വയസ്സുള്ള കുട്ടികൾ. | എല്ലാ ബുധനാഴ്ചയും |
| 2. | **ഗർഭിണികൾക്കുള്ള ക്ലിനിക്ക്** | ➢ പരിശോധന<br>➢ ഇരുമ്പ്സത്ത് (അയൺ) ഗുളികകളും, കാത്സ്യം, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം. | ഉപകേന്ദ്രങ്ങളിൽ എല്ലാ ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ |
| 3. | **ക്ഷയരോഗ പരിശോധനയും ചികിത്സയും** | ➢ 2 ആഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ചുമയുള്ള ആളുകൾ.<br>➢ കഫത്തിൽ അണുക്കളുള്ള ക്ഷയ രോഗികളുടെ വീട്ടിലെ അംഗങ്ങളും അടുത്തിടപഴകുന്നവരും.<br>➢ കഫ പരിശോധനയിൽ രോഗബാധിതനാണന്ന് കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സ. | എല്ലാ പ്രവൃത്തി ദിവസവും |
| 4. | **മലമ്പനി ചികിത്സയും പരിശോധനയും പ്രതിരോധ കുത്തിവെപ്പുകൾ** | ➢ അന്യസംസ്ഥാന തൊഴിലാളികൾ.<br>➢ മലമ്പനി ബാധിത പ്രദേശങ്ങളിൽ (അന്യസംസ്ഥാനങ്ങളിൽ) ജോലി, യാത്ര ചെയ്ത് തിരിച്ചുവരുന്നവർ.<br>➢ ഇടവിട്ടുള്ള പനിയും വിറയലോടും കൂടിയവർ. | എല്ലാ പ്രവൃത്തി ദിവസവും |
| 5. | **കുടിവള്ള ശുദ്ധീകരണവും പരിശോധനയും** | ➢ എല്ലാ കുടിവെള്ള സ്രോതസുകളും ശുദ്ധീകരിക്കുന്നതിനുള്ള ബ്ലീച്ചിംഗ് പൗഡർ നൽകുന്നു.<br>➢ പൊതു കുടിവെള്ള സ്രോതസ്സുകളുടെ പരിശോധന സൗജന്യമായി നൽകുന്നു.<br>➢ സ്വകാര്യ കുടിവെള്ള (സ്രോതസ്സുകളുടെ പരിശോധനക്കാവശ്യമായ ജലം, ബോട്ടിൽ സീൽ ചെയ്ത് നൽകുന്നു. | എല്ലാ പ്രവൃത്തി ദിവസവും (ആവശ്യങ്ങൾക്കനുസരിച്ച്) |
| 6. | **ആരോഗ്യ ബോധവത്കരണ പരിപാടികൾ** | ➢ അംഗൻവാടികൾ, കുടുംബശ്രീ സംഘങ്ങൾ, ക്ലബ്ബുകൾ കേന്ദ്രീകരിച്ച്. | എല്ലാ പ്രവൃത്തി ദിവസവും (ആവശ്യങ്ങൾക്കനുസരിച്ച്) |

## കുടുംബാരോഗ്യ കേന്ദ്രം (പി.എച്ച്.സി) യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 7. | **ജീവിത ശൈലി രോഗ ക്ലിനിക്കുകൾ** | ➢ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ആളുകൾക്കും സബ്സെന്ററുകളും പി.എച്ച്.സി.യും കേന്ദ്രീകരിച്ച് പരിശോധന. ബി.പി, ഡയബറ്റിസ്. | സബ്സെന്ററുകൾ. എല്ലാ ചൊവ്വ, ബുധൻ, വ്യാഴം 2pm - 4pm പി.എച്ച്.സിയിൽ തിങ്കളാഴ്ച രാവിലെയും പരിശോധന ക്ലിനിക് |
| 8. | **കുടുംബക്ഷേമ മാർഗ്ഗങ്ങൾ** | ➢ ഭാര്യക്ക് 18 നും 45 നും ഇടയിൽ പ്രായമുള്ള അർഹരായ ദമ്പതികൾക്ക് താൽക്കാലിക ഗർഭനിരോധന മാർഗ്ഗങ്ങൾ. | എല്ലാ പ്രവൃത്തി ദിവസവും |
| 9. | **കൊതുകു നിയന്ത്രണ പരിപാടികൾ** | ➢ കൊതുകു ജന്യ രോഗബാധിത പ്രദേശങ്ങളിൽ | ആവശ്യമുള്ളപ്പോൾ |
| 10. | **അംഗൻവാടി കുട്ടികൾക്കുള്ള മെഡിക്കൽ ചെക്കപ്പ്** | ➢ പഞ്ചായത്ത് പ്രദേശത്തെ എല്ലാ അംഗൻവാടികളും കേന്ദ്രീകരിച്ച് എല്ലാ കുട്ടികളുടെയും വൈദ്യപരിശോധന. | ആവശ്യമുള്ളപ്പോൾ |
| 11. | **വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം**<br>1. **ഹെൽത്ത് കാർഡ്** | ➢ പൂരിപ്പിച്ച അപേക്ഷയും 2 ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ പകർപ്പുമായി ആൾ നേരിട്ട് വരണം. | 7 ദിവസത്തിനുള്ളിൽ |
| | 2. **സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ്** | ➢ കോർട്ട് ഫീ (5 രൂപയുടെ) സ്റ്റാമ്പ് പതിച്ച അപേക്ഷാ ഫോറം (തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം നേരിട്ട് പരിശോധനക്ക് ശേഷം)<br>➢ മാലിന്യ സംസ്കരണത്തിന്റെ വിശദമായ സ്കെച്ചും പ്ലാനും - തിരിച്ചറിയിൽ കാർഡിന്റെ കോപ്പി<br>➢ കുടിവെള്ള സാമ്പിൾ പരിശോധനാഫലം ലഭ്യമാക്കണം.<br>➢ നേരിട്ടുള്ള സ്ഥാപന പരിശോധന. | 14 ദിവസത്തിനുള്ളിൽ |
| | 3. **മെഡിക്കൽ സർട്ടിഫിക്കറ്റ്** | ➢ വ്യക്തി നേരിട്ട് ഓഫീസറുടെ പരിശോധനക്ക് വിധേയമാകണം.<br>➢ അംഗീകൃത ഫീസ് നൽകണം. | എല്ലാ പ്രവൃത്തി ദിവസവും |
| 12. | **ലൈംഗിക രോഗ പരിശോധനയും ചികിത്സയും** | ➢ രോഗപരിശോധന ആവശ്യമായ ആളുകൾക്ക് | എല്ലാ പ്രവൃത്തി ദിവസവും |

# കുടുംബാരോഗ്യ കേന്ദ്രം (എഫ്.എച്ച്.സി) യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 13. | **കൗമാര ആരോഗ്യ പരിപാടികൾ** | ➢ പഞ്ചായത്തിലെ എല്ലാ അംഗൻവാടി യിലേയും കൗമാര ക്ലബുകൾ കേന്ദ്രീ കരിച്ച് | ആവശ്യമുള്ള പ്പോൾ |
| 14. | | ➢ പൊതുജനാരോഗ്യ സംബന്ധമായ പരാതികൾക്കുള്ള പരിഹാരം.<br>➢ പി.എച്ച്.സിയിൽ ലഭിക്കുന്ന പരാതി. | 14 ദിവസത്തിനു ള്ളിൽ |
| 15. | **സ്കൂൾ ആരോഗ്യ പരിപാടികൾ** | ➢ പി.എച്ച്.സി ഏരിയയിലുള്ള വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് പരിശോ ധന, പ്രതിരോധ കുത്തിവെപ്പുകൾ, ബോധവത്കരണ പരിപാടികൾ. | വർഷത്തിലൊ രിക്കൽ |
| 16. | **ജനനി സുരക്ഷ യോജന ആനുകൂല്യം** | ➢ (JSY) ഗവൺമെന്റ് ആശുപത്രിയിൽ നടക്കുന്ന എല്ലാ പ്രസവങ്ങൾക്കും എല്ലാ പ്രവൃത്തി ദിവസങ്ങളിലും | എല്ലാ പ്രവൃത്തി ദിവസവും |
| 17. | **പാലിയേറ്റീവ് പരിചരണ പദ്ധതി** | ➢ പഞ്ചായത്ത് പ്രദേശത്തെ എല്ലാ കിടപ്പ് രോഗികളുടെയും ഭവനസന്ദർശനവും പരിചരണവും.<br>➢ സ്ഥിരമായി മരുന്നു കഴിക്കുന്ന രോഗികൾ PHC.OP യിൽ നിന്നും മരുന്ന് നൽകലും. | ഭവന സന്ദർശനം എല്ലാ തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി ദിവസങ്ങ ളിലും ബുധനാഴ്ചകളിൽ പി.എച്ച്. സിയിൽ പ്രത്യേക പാലിയേറ്റീവ് ഒ.പി യും മരുന്ന് വിതരണവും. |
| 18. | **പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ** | ➢ പി.എച്ച്.സി പ്രദേശത്തെ ജനങ്ങൾ ക്കും അതത് സമയത്ത്, പ്രദേശത്ത് ഉണ്ടാകുന്ന രോഗബാധകൾക്കനുസ രിച്ച്. | ആവശ്യമുള്ള സമയത്ത് |

# ആയുർവ്വേദ ആശുപത്രി വഴി ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ അപേക്ഷ ഫീസ് |
|---|---|---|
| 1. | **ഡോക്ടറുടെ സേവനവും മരുന്നുകളും** | ➢ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 2 മണി വരെയും പരിശോധനയും മരുന്നും ലഭിക്കുന്നു. |
| 2. | **മരുന്നുകൾ** | ➢ ഡോക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മരുന്നുകൾ സ്ഥാപനത്തിൽ നിന്നും സൗജന്യമായി നൽകുന്നു. |
| 3. | **മെഡിക്കൽ ക്യാമ്പുകൾ** | ➢ പകർച്ചവ്യാധി പ്രതിരോധം.<br>➢ പ്രകൃതി ദുരന്ത ദുരിതാശ്വാസ ക്യാമ്പുകൾ.<br>➢ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ. |
| 4. | **ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ** | ➢ സന്നദ്ധ സംഘടനകൾ, അംഗൻവാടികൾ, കുടുംബശ്രീ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യങ്ങൾക്കനുസരിച്ച് പഞ്ചായത്ത് അനുമതിയോടെ നടത്തുന്നു. |
| 5. | **സർട്ടിഫിക്കറ്റ്** | ➢ മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ സാക്ഷ്യപ്പെടുത്തൽ, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ എന്നിവയും ലഭ്യമാണ്. |

# ഹോമിയോ ഡിസ്പെൻസറി വഴി ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേ വിധം, നിബന്ധനകൾ അപേക്ഷ ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|
| 1. | **ഡോക്ടറുടെ സേവനങ്ങളും മരുന്നുകളും** | എല്ലാ ദിവസവും രാവിലെ 9 മുതൽ 2 മണിവരെയും പരിശോധനയും മരുന്നും ലഭിക്കുന്നു. | |
| 2. | **മെഡിക്കൽ ക്യാമ്പുകൾ** | ➢ ജനറൽ മെഡിക്കൽ ക്യാമ്പുകൾ.<br>➢ പകർച്ചവ്യാധി പ്രതിരോധ മെഡിക്കൽ ക്യാമ്പുകൾ<br>➢ പ്രകൃതി ദുരന്ത ദുരിതാശ്വാസ മെഡിക്കൽ ക്യാമ്പുകൾ<br>➢ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ. | |
| 3 . | **ആരോഗ്യ ബോധവത്കരണ ക്ലാസുകൾ** | ➢ കുടുംബശ്രീ, അംഗൻവാടി, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ ആവശ്യങ്ങൾക്കനുസരിച്ച്. | |
| 4. | **സർട്ടിഫിക്കറ്റ്** | ➢ മെഡിക്കൽ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സാക്ഷ്യപ്പെടുത്തൽ എന്നിവയും ലഭ്യമാണ്. | |
| 5. | **അംഗൻവാടി സന്ദർശനം, ഓർഫനേജ് സന്ദർശനം ഇവ ഇടവേളകളിൽ നടത്തിവരുന്നു.** | | |

# വെറ്ററിനറി ഡിസ്പെൻസറി വഴി ലഭിക്കുന്ന സേവനങ്ങൾ

1. പക്ഷിമൃഗാദികളുടെ ചികിത്സ.
2. പക്ഷിമൃഗാദികൾക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നു.
3. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും, വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജ ദാന സൗകര്യം ലഭ്യമാക്കുക.
4. ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ പകർച്ച വ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. കന്നുകാലികളെയും, പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുക.
6. കന്നുകാലികളുടെ വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പി ക്കുക.
7. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.
8. സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ പ്രാജക്റ്റ് റിപ്പോർട്ടുകൾ ഉൾപ്പെടെ സഹായം നൽകുക.
9. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
10. ജന്തുജന്യ രോഗങ്ങളെ മറ്റ് സംസ്ഥാനങ്ങളുടെയും, സംഘടനകളുടെയും സഹകരണത്തോ ടുകൂടി നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

**നിലവിലുള്ള ഫീസ് നിരക്ക്**

| | | |
|---|---|---|
| ഓമനമൃഗങ്ങളുടെ ചികിത്സാ ഫീസ് | - | **5/–** രൂപ |
| പേവിഷത്തിനുള്ള വാക്സിനേഷൻ ഫീസ് | - | **5/–** രൂപ |

## ഊർജ്ജിത കന്നുകാലി വികസനം (ഐ.സി.ഡി.പി) ഉപകേന്ദ്രം

പ്രവർത്തന സമയം: **സാധാരണ ദിവസം 9 മുതൽ 3 വരെ**
: **ഞായറാഴ്ച 9 മുതൽ 12 വരെ**
: **മറ്റു ദിവസം 9 മുതൽ 1 വരെ**

**ലഭിക്കുന്ന സേവനങ്ങൾ**

1. കൃത്രിമ ബീജസങ്കലന പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുക
2. കന്നുകാലികൾക്കാവശ്യമായ പ്രാഥമിക ശുശ്രൂഷകൾ നടപ്പാക്കുക.

**ചുമതലകൾ**

1. പശുക്കൾക്കും എരുമകൾക്കും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക
2. ഗർഭപരിശോധന നടത്തുക.
3. പ്രജനന പ്രശ്നങ്ങൾ കാണപ്പെട്ട എരുമകളെ വിദഗ്ദ ചികിത്സക്കായി റഫർ ചെയ്യുക.
4. വകുപ്പിൽ ലഭ്യമാകുന്ന മരുന്നുകളും, മറ്റും കർഷകർക്ക് വിതരണം നടത്തുക.
5. വിജ്ഞാന വ്യാപന പ്രവർത്തനം നടത്തുക.
6. പ്രതിരോധ കുത്തിവെപ്പുകളും, സർവ്വേകളും നടത്തുക.

**സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്**

കൃത്രിമ ബീജദാനം: സർക്കാർ നിർദ്ദേശിക്കുന്നത്

# അംഗനവാടിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേ വിധം, നിബന്ധനകൾ<br>അപേക്ഷ ഫീസ് |
|---|---|---|
| 1. | **അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം** | ➢ 3-6 വയസ്സിന് ഇടയിലുള്ള അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക്, രജിസ്റ്റർ ചെയ്യുന്നത് മുതൽ ലഭ്യമാകുന്നു . |
| 2. | **ആരോഗ്യ പോഷണ വിദ്യാഭ്യാസം** | ➢ കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും അംഗൻവാടി വഴി എല്ലാ മാസവും ലഭ്യമാകുന്നു. |
| 3. | **ആരോഗ്യ പരിശോധന പ്രതിരോധ കുത്തിവയ്പ്പ്** | ➢ എല്ലാ മാസവും ആരോഗ്യവകുപ്പിന്റെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്നു. |
| 4. | **പൂരക പോഷകാഹാരം** | |
| | 1. **ഗർഭിണികൾ** | ➢ അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുന്നത് മുതൽ ദിവസവും പാചകം ചെയ്ത പോഷകാഹാരം നൽകുന്നു. |
| | 2. **പാലൂട്ടുന്ന അമ്മ** | ➢ അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുന്നത് മുതൽ (പ്രസവിച്ച് 6 മാസം വരെ) ദിവസവും പാചകം ചെയ്ത പോഷകാഹാരം നൽകുന്നു. |
| | 3. **6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ** | ➢ കുട്ടികൾക്ക് പ്രതിമാസം 3.375 ഗ്രാം അമൃതം ന്യൂട്രിമിക്സ് നൽകുന്നു. |
| | 4. **3–6 വയസ്സ് വരെയുള്ള കുട്ടികൾ** | ➢ അംഗൻവാടിയിൽ ഹാജരാകുന്ന കുട്ടികൾക്ക് മോർണിംഗ് സ്നാക്സ്, ഉച്ചക്കഞ്ഞി, 3 മണിക്ക് ജനറൽ ഫീഡിംഗ് എന്നീ പാചകം ചെയ്ത പോഷകാഹാരം നൽകുന്നു. |
| | 5. **14 നും 18 നും ഇടയിലുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക്** | ➢ പ്രതിമാസം 4 കിലോ ഗ്രാം വേവിക്കാത്ത പോഷകാഹാരം നൽകുന്നു. (രാഗി, ഗോതമ്പ് പൊടി, ശർക്കര, നിലക്കടല, പയർ) |
| 5. | **പരാമർശ സേവനം** | ➢ അംഗൻവാടി പ്രവർത്തകർ ഭവന സന്ദർശന സമയത്ത് കണ്ടെത്തുന്ന രോഗികളെ ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നു. |

## അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
### (എഞ്ചിനീയറിംഗ് വിഭാഗം തദ്ദേശ സ്വയംഭരണ വകുപ്പ്)

ഗ്രാമപഞ്ചായത്ത് നിർമ്മാണ-മരാമത്ത് പ്രവർത്തനങ്ങളുടെ നിർവ്വഹണം, ജില്ലാ-ബ്ലോക്ക്-ഗ്രാമ ത്രിതല പഞ്ചായത്തുകളിലും എം.പി, എം.എൽ.എ വെള്ളപ്പൊക്ക, വരൾച്ച എന്നീ ഇനങ്ങളിലുമുള്ള വിവിധ പദ്ധതികളിലൂടെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അംഗീകാരം ലഭിക്കുന്ന മുറക്ക് ഗുണഭോക്തൃ സമിതി/ദർഘാസ് ചെയ്ത് കരാറുകാരൻ മുഖേന പ്രവൃത്തി നടപ്പിലാക്കൽ, നിർമ്മാണ പ്രവർത്തനങ്ങളുടെ ബിൽഡിംഗ് ഫിറ്റ്നസ് തുടങ്ങിയ കാര്യങ്ങളും ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മറ്റ് സിവിൽ എഞ്ചിനീയറിംഗ് സേവനങ്ങളും ലഭ്യമാക്കൽ, പഞ്ചായത്തിൽ ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റ്, കെട്ടിടം നമ്പറിടൽ സംബന്ധമായ അപേക്ഷകളും പ്ലാനുകളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നത്. എഞ്ചിനീയറിംഗ് വിഭാഗമാണ്.

ഫോൺ നമ്പറുകൾ:

## വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (വി.ഇ.ഒ)

**ലഭിക്കുന്ന സേവനങ്ങൾ**

1. ദാരിദ്ര രേഖക്ക് താഴെയുള്ള സർട്ടിഫിക്കറ്റ്, ബി.പി.എൽ ലിസ്റ്റിൽ പേരുള്ളവർ അപേക്ഷ നൽകിയാൽ അന്നുതന്നെ ലഭിക്കും.
2. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലെ ഭവന നിർമ്മാണം, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ.
3. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലെ ഭവന പുനരുദ്ധാരണം, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ.
4. സ്വയം സഹായ സംഘങ്ങളുടെ രൂപീകരണവും മേൽനോട്ടവും, ഗ്രേഡിംഗ് നടത്തലും റിവോൾവിംഗ് ഫണ്ടിന് ശുപാർശ ചെയ്യലും.
5. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കലും, സബ്സിഡിക്ക് ശുപാർശ ചെയ്യലും.
6. സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ നടത്തിപ്പ് വ്യക്തിഗത കക്കൂസ് നിർമ്മാണം-സബ്സിഡി വിതരണം.
7. ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ ഗ്രാമപഞ്ചായത്തിലെ മേൽനോട്ടം.
8. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ (ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം തുടങ്ങിയവ)
9. വാർദ്ധക്യ കാല പെൻഷൻ അപേക്ഷ വെരിഫിക്കേഷൻ റിപ്പോർട്ട് നൽകലും.